# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2134

17.02.2016 ൽ മറുപടിയ്ക്ക്

## കേപ്പിലെ വായ്പ തിരിച്ചടവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് ഇനത്തിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷന് അനുവദിച്ച വായ്പ തിരിച്ചടയ്ക്കുന്നതിൽ നിന്നും കേപ്പിനെ ബാധ്യതാ വിമുക്തമാക്കാൻ പ്രസ്തുത ബാങ്കിന്റെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടോ; | (എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കേപ്പിന് അനുവദിച്ച വായ്പയുടെ തിരിച്ചടവിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) വായ്പാതുക തിരിച്ചടക്കുന്നതിൽ നിന്നും കേപ്പിനെ ബാധ്യതമുക്തമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ 17.12.2013 ലെ സ.ഉ(കൈ) നം. 288/2013/ആകുവ നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള ആസ്തികളും ബാധ്യതകളും സഹിതമാണ് കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തത്. |
| (സി) കേപ്പിനെ ബാധ്യതമുക്തമാക്കുന്നതിനു വേണ്ടി കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയും, സഹകരണ സംഘം രജിസ്ട്രാറും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) 05.03.2015 ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് നൽകാനുള്ള തുകയെ സംബന്ധിച്ച് ബാങ്ക് അധികാരികളുമായി സർക്കാർ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരുമാനം 26.03.2015 ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 149-ാമത് യോഗം |

അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് 16.07.2015 ൽ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, കേപ്പ് ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗത്തിൽ 30.06.2014 ൽ കേപ്പ് അടച്ചു തീർക്കേണ്ട തുകയായ 74,86,10,025/- രൂപ മതലായി കണക്കാക്കാനും അന്നു മുതൽ നബാർഡ് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം പലിശ കണക്കാക്കാനും അത് പ്രകാരമുള്ള തുക ഒക്ടോബർ 2015 മുതൽ മൂന്ന് തുല്യ മാസ ഗഡുക്കളായി നൽകാനും തീരുമാനമായി. എന്നാൽ ഇതിനുള്ള തുക 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താതിരുന്നത് കൊണ്ട് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ